തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): സർ, എ.പി.എൽ/ ബി.പി.എൽ. വ്യത്യാസമില്ലാതെ മത്സ്യത്തൊഴിലാളികൾക്കെന്നപോലെ മൺപാത്രനിർമ്മാണത്തൊഴിലാളികൾക്കും 2010 ജൂൺ മാസം 1-ാം തീയതി മുതൽ കിലോഗ്രാമിന് രണ്ട് രൂപ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്യുന്ന പദ്ധതിക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മൺപാത്രനിർമ്മാണത്തൊഴിലാളികളുടെ അർഹതാമാനദണ്ഡം നിശ്ചയിക്കുന്നതിൽ ചില പ്രയാസമുള്ളതായി മനസ്സിലാക്കുന്നു. തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട് ഈ പ്രശ്നം പരിഹരിച്ച് മൺപാത്ര നിർമ്മാണത്തൊഴിലാളികൾക്കും രണ്ട് രൂപ നിരക്കിൽ ഭക്ഷ്യധാന്യം ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(22) കെ. എസ്. എഫ്.ഡി.സി.യുടെ നിയമവിരുദ്ധ നടപടി

ശ്രീ. വി. ശിവൻകുട്ടി: സർ, മുൻ മുഖ്യമന്ത്രി കെ. കരുണാകരന്റെ നിര്യാണത്തെത്തുടർന്ന് 24-12-2010-ൽ സംസ്ഥാന ഗവൺമെന്റ് അവധി പ്രഖ്യാപിച്ചു. അന്ന് അവധി പ്രഖ്യാപിച്ച ദിവസം സാംസ്ക്കാരിക വകുപ്പിന് കീഴിലുള്ള കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷൻ അന്ന് നിയമവിരുദ്ധമായി തുറന്നുപ്രവർത്തിക്കുന്ന ഒരു അവസ്ഥ ഉണ്ടായി. ഇത് നമ്മുടെ സംസ്ഥാനത്തിന് തന്നെ നാണക്കേടാണ്. ഗവൺമെന്റിന്റെ ഉത്തരവിനെ തന്നെ പരസ്യമായി ലംഘിച്ചിരിക്കുകയാണ്. ഏത് സാഹചര്യത്തിലാണ് അന്ന് അവിടത്തെ മാനേജിംഗ് ഡയറക്ടറുടെ നേതൃത്വത്തിൽ സർക്കാർ ഉത്തരവ് ലംഘിച്ചുകൊണ്ട് തുറന്നു പ്രവർത്തിച്ചത് എന്നത് സംബന്ധിച്ച് അടിയന്തരമായി ഒരു അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. എന്നുമാത്രമല്ല, അന്നേ ദിവസം തന്നെ മുമ്പ് സംസ്ഥാന ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് ഗുരുതരമായ അച്ചടക്കനടപടിക്ക് വിധേയനായി പുറത്താക്കിയ ഒരു ജീവനക്കാരനെ തിരിച്ചെടുക്കുന്നതിനുവേണ്ടിയുള്ള ഒരു തീരുമാനവും എടുക്കുകയുണ്ടായി. അതുപോലെ ആ തീരുമാനം ഉത്തരവായിത്തന്നെ കൊടുക്കുന്നതിനുവേണ്ടിയുള്ള ഒരു ധിക്കാരവും അഹങ്കാരവും കൂടി മാനേജിംഗ് ഡയറക്ടർ കാണിച്ചിരിക്കുന്നുവെന്നത് പ്രശ്നം അതിനേക്കാൾ വളരെ ഗുരുതരമാക്കിയിരിക്കുകയാണ്. മുൻമുഖ്യമന്ത്രി കെ. കരുണാകരന്റെ നിര്യാണത്തെത്തുടർന്ന് സംസ്ഥാന സർക്കാർ അവധി കൊടുത്ത ദിവസം സർക്കാർ തീരുമാനത്തെ ലംഘിച്ചുകൊണ്ട് ആ സ്ഥാപനം തുറന്നു പ്രവർത്തിച്ചുവെന്ന് മാത്രമല്ല, അവിടത്തെ ഡയറക്ടർ ബോർഡ് സ്വഭാവ ദൂഷ്യത്തിന്റെ പേരിൽ പുറത്താക്കിയ ഒരു ഉദ്യോഗസ്ഥനെ തിരിച്ചെടുക്കുന്നതിനുള്ള നടപടി കൂടി എടുത്തിരിക്കുന്നു. ഈ രണ്ട് കാര്യങ്ങൾ സംബന്ധിച്ച് അടിയന്തരമായി അന്വേഷണം നടത്തി സമയബന്ധിതമായി തീരുമാനം കൈക്കൊള്ളണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, ബഹുമാനപ്പെട്ട വി. ശിവൻകുട്ടി ഉന്നയിച്ചത് വളരെ ഗൗരവതരമായിട്ടുള്ള ഒരു വിഷയമാണ്. മുൻമുഖ്യമന്ത്രി കെ. കരുണാകരന്റെ നിര്യാണത്തിൽ ഈ സഭ തന്നെ ഒരേ വികാരത്തോടു

LIBRARY ARCHIVES Kerala Legislative Assembly

കൂടി ദുഃഖവും അനുശോചനവും രേഖപ്പെടുത്തിയതാണ്. ആ അവധി ദിവസം എന്തിന് ഈ സ്ഥാപനം നിയമവിരുദ്ധമായി തുറന്നുവെന്നുള്ളത് വളരെ ഗൗരവമായ വിഷയമാണ്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെയുള്ള കാര്യങ്ങൾ ചെയ്യാനാണ് അവധി ദിവസം ഈ സ്ഥാപനം തുറന്നതെങ്കിൽ അത് ഗൗരവമുള്ള രണ്ടാമത്തെ കുറ്റമാണ്. അതിനാൽ ഇതിന്റെ മുഴുവൻ ഗൗരവവും കണക്കിലെടുത്തുകൊണ്ട് സെക്രട്ടറി തലത്തിലുള്ള അന്വേഷണം നടത്തി ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടികൾ കൈക്കൊള്ളുമെന്ന് സഭയ്ക്ക് ഉറപ്പ് നല്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ: സർ, ഇത് എന്റെ മണ്ഡലത്തിൽപ്പെട്ട ഒരു കാര്യമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതിൽ ഒരു ചർച്ചയുടെ വിഷയം ഇല്ലല്ലോ. ഇത് ഒരു പൊതുവിഷയമാണ്. പറഞ്ഞുകഴിഞ്ഞു. ഇത് മണ്ഡലം അടിസ്ഥാനത്തിലല്ല.

ശ്രീ. ജോർജ് മേഴ്സിയർ: സഭയെ തെറ്റിദ്ധരിപ്പിച്ച ഒരു വിഷയമാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അത് നേരിട്ട് മിനിസ്റ്ററോട് സംസാരിച്ചോളൂ.

(23) മെഡിക്കൽ കോളേജ് വികസനത്തിന് ഏറ്റെടുത്ത സ്ഥലം

ശ്രീ. എം. എ. വാഹീദ്: സർ, തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുവാനായി 60 വർഷമായി ആ പരിസരത്തുള്ള പാവപ്പെട്ട ആളുകളുടെ 5-ഉം, 2-ഉം, —3-ഉം സെന്റ് സ്ഥലങ്ങൾ ഏറ്റെടുത്തത് മരവിപ്പിച്ച് ഇട്ടിരിക്കുന്നു. ഒരിക്കൽ അതിനുവേണ്ടി സ്ഥലമെടുത്ത് ഒഴിപ്പിക്കപ്പെട്ടവരാണ്. ഇപ്പോൾ വീണ്ടും ഒഴിപ്പിക്കാൻപോകുന്നു. 60 വർഷമായി അവർക്ക് അവരുടെ വീട് മെയിന്റനൻസ് ചെയ്യാനോ അവർക്ക് പുതിയ വീട് വയ്ക്കാനോ ഒന്നിനും അനുവാദം കൊടുക്കാതെ, വെള്ളം കൊടുക്കാതെ, വൈദ്യുതി കൊടുക്കാതെ വളരെയേറെ പ്രയാസം അനുഭവിക്കുകയാണ്. ഇവർ മെഡിക്കൽ കോളേജിൽ പൊതിച്ചോറ് ഉണ്ടാക്കിക്കൊടുക്കുന്നവരും കഞ്ഞി ഉണ്ടാക്കിക്കൊടുക്കുന്നവരും അവിടത്തെ ക്ലീനിംഗ് ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരുമാണ്. മെഡിക്കൽ കോളേജിന്റെ പുറക് വശത്ത് താമസ്സിക്കുന്നവരാണ്. ഇതിനോടൊപ്പം ഉണ്ടായിരുന്ന വൻകിട മുതലാളിമാരുടെ സ്ഥലങ്ങളെല്ലാം ട്രിഡ എക്സംപ്റ്റ് ചെയ്തുകൊടുത്തു. അവിടെയെല്ലാം വലിയ കെട്ടിടങ്ങളുമായി. രണ്ടും മൂന്നും സെന്റ് ഭൂമിയിൽ താമസിക്കുന്ന ഇവർ എല്ലാം ബി.പി.എൽ. ഫാമിലിയിൽപെട്ടവരാണ്. അവരുടെ ഭൂമി മാത്രമെടുക്കാനായി ഒരു തീരുമാനമുണ്ടായിരിക്കുന്നത് വളരെ കഷ്ടമാണ്. യഥാർത്ഥത്തിൽ മെഡിക്കൽ കോളേജിന് ഇങ്ങനെയൊരു സ്ഥലം ആവശ്യമില്ല. മെഡിക്കൽ കോളേജിന് വേണ്ടി എടുത്ത സ്ഥലം കാട് പിടിച്ച് കിടക്കുന്നു. മാത്രമല്ല, ചെറിയ കുടിലുകൾ പോലുള്ള ക്വാർട്ടേഴ്സുകളാണ് അവിടെയുള്ളത്. അതുതന്നെ ഏകദേശം 75 ഏക്കറിലായി പരന്നുകിടക്കുന്നുണ്ട്. ആ കെട്ടിടങ്ങൾ ഇനി ഉപയോഗിക്കാൻ സാധിക്കാത്തവയാണ്. അതിൽ ചിലതെല്ലാം

LIBRARY ARCHIVES Kerala Legislative Assembly